പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6200** **08.07.2014-ലെ മറുപടിക്ക്**

## ടൈപ്പിസ്റ്റ് ഗ്രേഡ്-I, ടൈപ്പിസ്റ്റ് ഗ്രേഡ്-II തസ്തികകളിലെ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയം

| നം. | ചോദ്യം<br>**ശ്രീ.റ്റി.എ.അഹമ്മദ് കബീർ** | ഉത്തരം<br>**ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** |
|---|---|---|
| എ | 07.06.2013-ലെ 4698/2013/പൊ.ഭ.വ ഉത്തരവു പ്രകാരം ടൈപ്പിസ്റ്റ് ഗ്രേഡ് I, ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തികകളിലെ കേഡർ സ്ട്രെങ്ത് താൽക്കാലികമായി പുനർ നിർണ്ണയിച്ചതിന്റെ ഉദ്ദേശ്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ? | **(എ)** ടൈപ്പിസ്റ്റ് ഗ്രേഡ്- I തസ്തികയിലെ കേഡർ എണ്ണം 109-ഉം യഥാർത്ഥ എണ്ണം 44-ഉം ആയിരുന്ന സാഹചര്യത്തിലാണ് ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി ടൈപ്പിസ്റ്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലെ കേഡർ സ്ട്രെങ്ത് താൽക്കാലികമായി പുനർ നിർണ്ണയിച്ചത്. |
| ബി | ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിൽ ഓരോന്നിലും ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ? | **(ബി) & (സി)** 01.06.2014-ൽ ടൈപ്പിസ്റ്റ് ഗ്രേഡ് II-ൽ 131 പേരാണുള്ളത് (കേഡർ സ്ട്രെങ്ത്-109) ടൈപ്പിസ്റ്റ് ഗ്രേഡ് I-ൽ 69 പേരുടെ വ്യത്യാസമുണ്ടെങ്കിലും ടൈപ്പിസ്റ്റ് ഗ്രേഡ് II, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികകളിൽ മൊത്തം 61 പേർ അധികമായി നിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കേഡർ സ്ട്രെങ്ത് യഥാർത്ഥ നിലയിലേക്ക് പുനഃസ്ഥാപിക്കേണ്ടതുണ്ട്. നിലവിൽ 8 NJD ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സങ്ങളൊന്നുമില്ല. ടൈപ്പിസ്റ്റുമാരുടെ മൊത്തം കേഡർ സ്ട്രെങ്ത് 434 ആണ്. |
| സി | നിലവിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; ടൈപ്പിസ്റ്റുമാരുടെ മൊത്തം കേഡർ സ്ട്രെങ്ത് എത്രയാണ്? | |

| | | |
|---|---|---|
| ഡി | തടസ്സങ്ങളുണ്ടെങ്കിൽ കേഡർ സ്ട്രെങ്ത് പുനർ നിർണ്ണയിച്ചതിനു ശേഷം എല്ലാ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിരമായി നിർദ്ദേശം നൽകുമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ